കൂടാതെ, വർദ്ധിച്ചുവരുന്ന വൈദ്യുതിയുടെ ആവശ്യകത മുന്നിൽ കണ്ട് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പവർ ട്രേഡർമാർമുഖേന വൈദ്യുതി വാങ്ങൽ കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസരണ ഇടനാഴികളുടെ അഭാവംമൂലം വൈദ്യുതിമുഴുവൻ കേരളത്തിലേയ്ക്ക് കൊണ്ടുവരാൻ കഴിയുന്നില്ല. അധിക പ്രസരണ ഇടനാഴി ലഭ്യമാക്കുന്നതിനും കൂടുതൽ പ്രസരണ ലൈനുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും പരിശ്രമിച്ചുവരുന്നു.

ഇതിൻപ്രകാരം കേരളത്തിലേയ്ക്ക് അന്തർസംസ്ഥാന ലൈനുകളിൽക്കൂടി കൂടുതൽ വൈദ്യുതി കൊണ്ടുവരുന്നതിനായി, ഇപ്പോൾ നിർമ്മാണത്തിലുള്ള 400 കെ.വി. മൈസൂർ-അരീക്കോട്, 400 കെ.വി. ഇടമൺ-കൊച്ചി ലൈനുകളുടെയും നിർമ്മാണം ലൈൻ റൂട്ടിലെ തർക്കങ്ങൾ പരിഹരിച്ച് പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സർക്കാർതലത്തിലും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലും സ്വീകരിച്ചുവരുന്നു. പി.ജി.സി.ഐ.എൽ. ആണ് പ്രസ്തുത ലൈനുകൾ നിർമ്മിക്കുന്നത്. ഇതിനുപുറമെ 400 കെ.വി. ഉടുപ്പി-കാസർഗോഡ്-കോഴിക്കോട് ലൈനിനും എസ്.ആർ.പി.സി.യിൽ അനുമതി ലഭിച്ചിട്ടുണ്ട്.

വൈദ്യുതിയുടെ ആവശ്യകതയും ലഭ്യതയും തമ്മിലുള്ള അന്തരം ഇപ്പോൾ നികത്തുന്നത് പവർ എക്സ്ചേഞ്ച്/ട്രേഡർമാർവഴി വൈദ്യുതിവാങ്ങിയും, വിലകൂടിയ താപവൈദ്യുതി ഉത്പാദിപ്പിച്ചും ഡീവിയേഷൻ സെറ്റിൽമെന്റ് വഴി വൈദ്യുതി എടുത്തുമാണ്. എന്നാൽ കേന്ദ്ര നിലയങ്ങളിൽനിന്നുള്ള വൈദ്യുതി വിഹിതത്തിലോ, സാങ്കേതിക കാരണങ്ങളാൽ ആഭ്യന്തര ഉത്പാദനത്തിലോ, ഇടനാഴിയുടെ അഭാവംമൂലം വൈദ്യുതി ലഭിക്കുന്നതിലോ കുറവ് ഉണ്ടാകുമ്പോൾ ഒഴിച്ചുകൂടാനാവാത്ത സന്ദർഭങ്ങളിൽ ഗ്രിഡ് സുരക്ഷയും മറ്റും പരിഗണിച്ച് ചെറിയ തോതിൽ വൈദ്യുതി നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതായി വരാറുണ്ട്.

വൈദ്യുതി ബോർഡിന്റെ അധീനതയിലെ ഭൂമിയിൽ നടപ്പിലാക്കുന്ന പദ്ധതി

27 (367) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിൽ വൈദ്യുതി ബോർഡിന്റെ അധീനതയിലുള്ള ഭൂമിയിൽ ബോർഡിന്റെ പരിശീലന കേന്ദ്രമോ പ്രസരണ വിഭാഗത്തിന്റെ ഏതെങ്കിലും പദ്ധതിയോ പുതിയ ടി. എം. ആർ.

LIBRARY ARCHIVES Kerala Legislative Assembly

ഡിവിഷനോ സ്ഥാപിക്കുന്ന കാര്യത്തിൽ ബോർഡ് തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതിയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ &ബി) പ്രസ്തുത ഭൂമിയിൽ ബോർഡിന്റെ പരിശീലന കേന്ദ്രം സ്ഥാപിക്കുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല. എന്നാൽ ഇവിടെ ഒരു സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തിവരുന്നു. റ്റി.എം.ആർ. ഡിവിഷന്റെ കാര്യത്തിലും അന്തിമ തീരുമാനമായിട്ടില്ല.

കൂടംകുളം ആണവ നിലയത്തിൽനിന്ന് ലഭിക്കേണ്ട വൈദ്യുതി

28 (368) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടംകുളം ആണവ നിലയത്തിൽനിന്ന് സംസ്ഥാനത്തിന് ലഭിക്കേണ്ടത് എത്ര മെഗാവാട്ട് വൈദ്യുതി ആണ് ; വിശദമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച കരാർ ഒപ്പ് വച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) കൂടംകുളം ആണവ വൈദ്യുത നിലയത്തിൽനിന്ന് സംസ്ഥാനത്തിന്റെ വിഹിതം ലഭിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കൂടംകുളം ആണവനിലയത്തിന്റെ യൂണിറ്റ് 1&2-ൽ (2x1000 MW) നിന്നും 266 MW വൈദ്യുതിയാണ് ലഭിക്കേണ്ടത്. ഇത് ലഭ്യമാക്കുന്നതിന് 15-11-2013-ന് ന്യൂക്ലിയർ പവർ കോർപ്പറേഷനുമായി (NPCIL) കരാർ ഒപ്പ് വച്ചിട്ടുണ്ട്. എന്നാൽ, ഇപ്പോൾ കൂടംകുളം ആണവനിലയത്തിന്റെ ഒന്നാം യൂണിറ്റിൽനിന്നും പരീക്ഷണാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ

LIBRARY ARCHIVES Kerala Legislative Assembly